● ലേഖനം

● സയ്യിദ് സുലൈമാൻ നദ്‌വി

# നബിമാരും ഇതര മഹാന്മാരും ഒരു താരതമ്യം

നന്മയുടെയും സൗഭാഗ്യത്തിന്റെയും, നിഷ്ക്കളങ്കതയുടെയും കരാർ പൂർത്തീകരണത്തിന്റെയും ഹൃദയവിശുദ്ധിയുടെയും ആത്മ സംസ്കരണത്തിന്റെയും മനോനൈർമല്യത്തിന്റെയും ഇടങ്ങളായി ഈ വിശാലഭൂമിയിൽ നമുക്ക് കാണാവുന്ന എത്തുണ്ടു ഭൂമിയും ആ അവസ്ഥയിൽ നില നിൽക്കുന്നുണ്ടെങ്കിൽ, അതിനു കാരണം മറ്റാരുമല്ല, പ്രവാചകന്മാർ, ദൂതന്മാർ എന്നപേരിൽ നാം വിളിക്കുന്ന പുണ്യാത്മാക്കൾ മാത്രമാണ്. പർവത ഗഹ്വരങ്ങളിലും വനാന്തരങ്ങളിലും നഗരാതിരുകളിലും എന്നു വേണ്ട, എവിടെയും കഴിയുന്ന മനുഷ്യരിൽ നീതിയും കാരുണ്യവും ദയയും സാന്ത്വനവും പരസ്പര ഗുണകാംക്ഷയും ഉത്തമവും മേത്തരവുമായ സൽസ്വഭാവങ്ങളും അനാഥരോടുള്ള പരിഗണനയും അഗതികൾക്കും ആർ ആർക്കും പിന്തുണയും ഉദാരഹസ്തങ്ങളുമുണ്ടോ, അവിടെ നമുക്ക് ഒരു കാര്യം ഉറപ്പിച്ചു പറയാൻ കഴിയും. അതായത്, മേൽ പ്രവാചക ഗണത്തിൽപെട്ട ഏതോ പ്രവാചകന്റെ ക്ഷണത്തിന്റെ ശേഷിപ്പാണത്. അവരുടെ പ്രബോധനത്തിന്റെ ഉത്തമവും അനുഗ്രഹീതവുമായ ഫലമാണത്. കാരണം, ഈ വിശാലമായ ഭൂമിയിലെ എല്ലാ പ്രദേശങ്ങളിലും പ്രവാചകന്മാർ വന്നുപോയിട്ടുണ്ട്.

**ഈ** ലോകം വിവിധ അദ്ഭുതങ്ങളാലും വിത്യസ്ത സൃഷ്ടികളാലും സമ്പന്നമാണ്. അവയിലോരോന്നിനും സവിശേഷ സ്വഭാവമുണ്ട്. കൃത്യവും നിർണിതവുമായ സവിശേഷതകളുണ്ട്. ലോകത്തെ നിർജീവ വസ്തുക്കൾ മുതൽ മനുഷ്യർ വരെയുള്ളവയെ വീക്ഷിച്ചാൽ അവയെല്ലാം ബോധം, ഗ്രഹണശേഷി എന്നിവയിൽ പരിണാമത്തിന്റെയും ക്രമാനുഗതമായ പുരോഗതിയുടേതുമായ ചില ലക്ഷണങ്ങൾ പ്രകടിപ്പിക്കുന്നത് കാണാം. ഉദാഹരണമായി, പ്രഥമ നിർജ്ജീവ വസ്തുവായ അണുക്കൾ (Atomes)ക്ക് ഗ്രഹണശേഷിയോ, ബോധമോ ഇല്ല. എന്നാൽ, അതൊഴികെയുള്ള നിർജീവവസ്തുക്കളിൽ ജീവന്റെ അടയാളം നാം കാണുന്നു.

സസ്യങ്ങൾ മുളയ്ക്കുകയും വളരുകയും ചെയ്യുമ്പോൾ ബോധപരമല്ലാത്ത ഒരു തരം ഗ്രഹണത്തിന്റെ അടയാളങ്ങൾ നാം അവയിൽ കാണുന്നു. എന്നാൽ, മൃഗങ്ങളിൽ ഗ്രഹണശേഷിയും ബോധവും ഉള്ളതോടൊപ്പം ഇഛാശക്തിയുമുണ്ടെന്ന് നാം മനസ്സിലാക്കുന്നു. മനുഷ്യനെ അല്ലാഹു ഇത്തരവാദിത്വങ്ങൾ ഏൽപിക്കാനുള്ള പ്രധാന കാരണം അവന്റെ ഗ്രഹണ- ഇഛാശേഷികളാണ്. മേൽ ഗുണങ്ങൾ കുറയുന്നതിനനുസരിച്ച് അതാത് സൃഷ്ടികളുടെ ഉത്തരവാദിത്വങ്ങളും ബാധ്യതകളും കുറയുന്നതായാണ് നാം കാണുന്നത്. നിർജീവവസ്തുക്കൾക്ക് അല്ലാഹു ബാധ്യതകൾ ചുമത്താതിരുന്നത് ഈ പരിഗണന വെച്ചാണ്. ജീവന്റെ തുടിപ്പുകളുള്ള സസ്യങ്ങൾക്ക് ചില ഉത്തരവാദിത്വങ്ങൾ അല്ലാഹു ചുമത്തിയിരിക്കുന്നു. അതേ സമയം, ബുദ്ധിയുംസാമർഥ്യവും ഗ്രഹണശേഷിയുമെല്ലാമുള്ള മനുഷ്യൻ അല്ലാഹുവാൽ പലതരം ബാധ്യതകളാൽ ശാസിതനാണ്; ചങ്ങലകളാൽ ബന്ധിതനാണ്.

**ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുന്നതിലും നിർവഹിക്കുന്നതിലും മനുഷ്യരുടെ അന്തരം**


അല്ലാഹുവിന്റെ കൽപനകൾ ബാധകമാവുന്ന മനുഷ്യരുടെ(മുകല്ലഫുകളുടെ) ബുദ്ധിയും ചിന്താശേഷിയും ഗ്രഹണകഴിവും എല്ലാവരിലും ഒരേതരത്തിലല്ല, വ്യത്യസ്തമാണ്. ഭ്രാന്തനും ഭോഷനും കുട്ടിയും മൂഢനുമെല്ലാം ഒരേ നിരയിലാണ് വരിക. അതേ സമയം, ഗ്രഹണശേഷിയും ചിന്താപ്രാപ്തിയുമുള്ളവർ മറ്റൊരു നിരയി

ലാണ് വരിക. ചുരുക്കത്തിൽ, ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാനുള്ള കഴിവിന്റെ ഏറ്റക്കുറവനുസരിച്ച് മനുഷ്യർ പ്രതിജനഭിന്നരായാണ് വിലമതിക്കപ്പെടുക.

**ചില സൃഷ്ടികളുടെ നേരെ ദൈവിക പരിരക്ഷ**


ഇനി നമുക്ക് മറ്റൊരുവശം പരിശോധിക്കാം. ബുദ്ധിശക്തിയും ഗ്രഹണശേഷിയും കുറവുള്ള സൃഷ്ടികളുടെ സംരക്ഷണോത്തരവാദിത്വം പൂർണമായും അല്ലാഹു ഏറ്റെടുക്കുന്നു. സൃഷ്ടികളുടെ കഴിവുകളും സവിശേഷതകളും പുരോഗമിക്കുന്നതിനനുസരിച്ച് പ്രകൃതി അവയിൽ ഭാരങ്ങൾ ചുമത്തുന്നു. ഗിരിഗർഭങ്ങൾക്കകത്ത് സ്ഥിതിചെയ്യുന്ന രത്നങ്ങൾ പരിരക്ഷിക്കുന്നത് ആരാണ്? കടലാഴങ്ങളിലെ മത്സ്യങ്ങൾക്ക് ജീവിക്കാൻ ആവശ്യമായ സൗകര്യങ്ങൾ ചെയ്യുന്നതാരാണ്? നിബിഢവനങ്ങളിലെയും ജലശൂന്യമായ മരുഭൂമിയിലെയും ജീവികളുടെ ഉത്തരവാദിത്വം ആർക്കാണ്? വിവിധ കാലാവസ്ഥകളിൽ അവയുടെആരോഗ്യാവശ്യങ്ങൾ പരിഹരിക്കുന്നത് ആരാണ്? ഒരേ ജീവിവർഗത്തിലെത്തന്നെ വ്യത്യസ്ത ഇനം ജീവികൾക്ക് വ്യത്യസ്ത കാലാവസ്ഥകളിൽ ആവശ്യമായ പരിരക്ഷ നൽകുന്നത് ആരാണ്? ആഫ്രിക്കൻ നായയും യൂറോപ്യൻ നായയും നായ തന്നെയാണെങ്കിലും ഓരോ ഇടത്തെയും കാലാവസ്ഥ ഭിന്നമായതിനാൽ രണ്ടിനും വ്യത്യസ്തരീതിയിലാണ് ദൈവിക പരിരക്ഷ. ഇതുകൊണ്ടു തന്നെയാവണം അവയുടെ രോമങ്ങളും തേറ്റകളും നഖങ്ങളും വർണങ്ങളും വ്യത്യസ്തമായി കാണുന്നത്. വിവിധ ജീവികൾക്ക് അവയ്ക്കനുയോജ്യമായ ദൈവിക പരിരക്ഷ ലഭിക്കുന്നുണ്ടെന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം. ഗ്രഹണശേഷിയും ഇഛാശക്തിയും ഇല്ലാത്ത ജീവികളെ അല്ലാഹു സവിശേഷം പരിചരിക്കുന്നു. നിലവാരം കൂടിയ ജീവികളുടെ ജീവസന്ധാരണം അവതന്നെ നടത്തണമെന്ന രീതിയിലാണ് അല്ലാഹു അവയുടെ ആഹാരം സംവിധാനിച്ചിരിക്കുന്നത്.

ഇതനുസരിച്ച് മനുഷ്യന്റെ ഭക്ഷണവും ജീവനോപാധികളും കണ്ടെത്തേണ്ടത് അവന്റെ തന്നെ ബാധ്യതയായി അല്ലാഹു നിശ്ചയിച്ചിരിക്കുന്നു. ആയതിനാൽ, അവൻ കാർഷികാവശ്യങ്ങൾക്കായി ദേഹാധ്വാനം ചെയ്യുന്നു. അതേസമയം, കൊടും തണുപ്പിൽ നിന്നും ഉഷ്ണത്തിൽ നിന്നും രക്ഷ നേടാനുള്ള പ്രകൃതിപരമായ തുകലോ രോമമോ ഒന്നും അവനിലില്ല. തന്റേതായ കാലാവസ്ഥക്കനുയോജ്യമായ വസ്ത്രങ്ങൾ അവൻ തന്നെ സംഘടിപ്പിക്കണം; രോഗചികിത്സക്കാവശ്യമായ മരുന്നുകളും തദൈവ.




**പ്രതിരോധശേഷി കുറഞ്ഞജീവികളെ അല്ലാഹു സംരക്ഷിക്കുന്നു**

ഇത് ഒരു വശം. മറുവശമാണ്, പ്രതിരോധശേഷിയും, ഇഛാശക്തിയും കുറഞ്ഞ ജീവികളുടെ സംരക്ഷണോത്തരവാദിത്വം അല്ലാഹു ഏറ്റെടുത്തിരിക്കുന്നു എന്നത് അവയുടെ ജീവിതത്തിന്റെ സംരക്ഷണമാർഗങ്ങൾ അവൻ ഉറപ്പുവരുത്തിയിരിക്കുന്നു എന്നാണ് അർഥമാക്കുന്നത്. സ്വയം പ്രതിരോധത്തിന് അല്ലാഹു വിവിധ ജീവികൾക്ക് ഏർപ്പെടുത്തിയ വ്യത്യസ്ത സംവിധാനങ്ങൾ ബലിഷ്ഠങ്ങളായ തേറ്റകൾ, ഇരയെ പിടിക്കാൻ പറ്റിയ പല്ലുകൾ, കൊമ്പുകൾ, ചിറകുകൾ, വിഷസഞ്ചികൾ മുതലായവ ഇതിന്റെ ഭാഗമാണ്.





ചുരുക്കത്തിൽ, അല്ലാഹു ജീവികൾക്ക് തങ്ങളുടെ വ്യക്തിത്വത്തെയും സ്വത്വത്തെയും സംരക്ഷിക്കാൻ ആവശ്യമായ എല്ലാമാർഗങ്ങളും മാധ്യമങ്ങളും ലഭ്യമാക്കിയിരിക്കുന്നു. എന്നാൽ, സൃഷ്ടികളിൽ ദുർബലനായ മനുഷ്യന് സിംഹത്തിനുള്ളതുപോലെ തേറ്റയോ, കാളക്കുള്ളതുപോലെ കൊമ്പോ, പാമ്പുകൾക്കുള്ളതുപോലെ വിഷമോ അല്ലാഹു നൽകിയിട്ടില്ല. ഇത്തരം ബാഹ്യമായ ആയുധങ്ങളോ പ്രതിരോധാവയവങ്ങളോ മനുഷ്യനില്ല. ഇവക്കെല്ലാം പകരമായി അല്ലാഹു അവന്ന് ചിന്താമനനശേഷിയും അഗാധമായ ബോധവും, കൂശാഗ്രബുദ്ധിയും, ഇന്ദ്രിയാനുഭവങ്ങളും, അനുഭൂതികളും, ബലിഷ്ഠമായ ഇഛാശേഷിയും സമ്മാനിച്ചിരിക്കുന്നു. സംശയിക്കേണ്ട, ഈ ആത്മീയവും ധാർമികവുമായ ശേഷികളും, നിക്ഷിപ്തമായ ആന്തരിക കഴിവുകളുമെല്ലാം അവനിലെ ബാഹ്യമായ ശാരീരിക ദൗർബല്യങ്ങൾക്ക് പകരമായി അല്ലാഹു നൽകിയതാണ്. അതിന് ധാരാളം തെളിവുകൾ നമ്മുടെ മുമ്പാകെയുണ്ട്. ഭീമാകാരമുള്ള ആനയെയും, മൂർച്ചയുള്ള തേറ്റകളോട് കൂടിയ സിംഹങ്ങളെയും, ഫണം വിടർത്തുന്ന സർപ്പങ്ങളെയും, ആകാശത്ത് വട്ടമിട്ടുപറക്കുന്ന പക്ഷികളെയും, സമുദ്രഗർത്തത്തിലെ മത്സ്യങ്ങളെയും സ്വന്തം നിയന്ത്രണത്തിൽവരുത്താനും, പ്രതിരോധത്തിനായി ആയുധങ്ങൾ നിർമിക്കാനും ഈ മേഖലയിൽ ഏവരെയും അമ്പരപ്പിക്കുന്ന ഉപകരണങ്ങൾ നിർമിക്കാനും മനുഷ്യർക്കിന്ന് സാധ്യമായിരിക്കുന്നു.

സുഹൃത്തുക്കളെ, സഹോദരങ്ങളെ! നിങ്ങളുടെ മതം ഏതാവട്ടെ, നിങ്ങളുടെ ആദർശവും ചിന്തകളും

**അഹ്സാബ് 72ൽ മനുഷ്യനെ മഹാ അക്രമി(ളലൂം)യെന്നും വിവരംകെട്ടവനെന്നും വിശേഷിപ്പിച്ചിരിക്കുന്നു. 'ളലൂം' എന്നാൽ, തന്റെ പ്രവർത്തന ശേഷി ഉപയോഗപ്പെടുത്തുന്നതിൽ പരിധിവിടുന്ന മനുഷ്യൻ എന്നാണർഥം. 'ജഹൂൽ' എന്നത് തന്റെ വൈജ്ഞാനിക ശേഷി ഉപയോഗപ്പെടുത്തുന്നതിലെ പരിധി ലംഘനത്തെ സൂചിപ്പിക്കുന്നു. 'ളലൂം'ന്റെ വിപരീതമാണ് 'ആദിൽ' (നീതിമാൻ) 'ജഹൂലി'ന്റെ വിപരീതം 'ആലിം' (ജ്ഞാനി). മനുഷ്യൻ മേൽ രണ്ടു ഗുണങ്ങളും നേടിയെടുക്കണമെന്നാണ് ഖുർആന്റെ ആഹ്വാനം.**

എന്തുമാവട്ടെ, നിങ്ങൾ ഒരു കാര്യം സമ്മതിക്കാൻ നിർബന്ധിതരാണ്. നിങ്ങളുടെ ചുമലുകളിൽ ദൈവം ഉത്തരവാദിത്വങ്ങൾ ചുമത്താൻ കാരണമായത്, ചിന്താധൈഷണിക-ഗ്രഹണ- സംവേദനരംഗങ്ങളിൽ അവൻ നിങ്ങളെ സവിശേഷം അനുഗ്രഹിച്ചതിനാലാണ്. ഈ ഉത്തരവാദിത്വങ്ങൾ ശരീഅത്തിന്റെ ഭാഷയിൽ 'തകാലീഫ്' (അല്ലാഹുവിന്റെ ഉത്തരവിനാൽ മനുഷ്യർക്ക് നിർബന്ധമാകുന്ന കാര്യങ്ങൾ) എന്നറിയപ്പെടുന്നു. (1)അതായത്, അല്ലാഹു മനുഷ്യരിൽ നിക്ഷേപിച്ച സ്വകാര്യവും പരസ്യവുമായ എല്ലാ ശേഷികളും ശരീഅത്തിന്റെ ശാസനകൾ നടപ്പിലാക്കാനായി അല്ലാഹു നൽകിയവയാണ്. ഈ മേഖലയിലെ ദൈവത്തിന്റെ യുക്തി പ്രകടമാവുന്ന രംഗമാണിത്. ( ഒരാത്മാവിനോടും അതിന്റെ കഴിവിന്നതീതമായത് അല്ലാഹു കൽപിക്കുകയില്ല)( 2/286) ഖുർആനിൽ മറ്റൊരിടത്ത് ഈ ഉത്തരവാദിത്വത്തെ (അമാനത്ത്) എന്നാണ് വിളിച്ചിരിക്കുന്നത്. ഈ 'അമാനത്ത്' ഏറ്റെടുക്കാൻ ആകാശ ഭൂമികളും പർവതങ്ങളും വിസമ്മതിച്ചുവെന്നും ഒടുവിൽ മനുഷ്യൻ അത് ഏറ്റെടുക്കുകയായിരുന്നുവെന്നും അഹ്സാബ് 72ൽ ഖുർആൻ പ്രസ്താവിച്ചിട്ടുണ്ട്.പ്രസ്തുത സൂക്തത്തിൽ മനുഷ്യനെ മഹാ അക്രമി(ളലൂം )യെന്നും വിവരംകെട്ടവ(ജഹൂൽ)നെന്നും വിശേഷിപ്പിച്ചിരിക്കുന്നു. 'ളലൂം' എന്നാൽ, തന്റെ പ്രവർത്തന ശേഷി ഉപയോഗപ്പെടുത്തുന്നതിൽ പരിധിവിടുന്ന മനുഷ്യൻ എന്നാണർഥം. 'ജഹൂൽ' എന്നത് തന്റെ വൈജ്ഞാനിക ശേഷി ഉപയോഗപ്പെടുത്തുന്നതിലെ പരിധി ലംഘനത്തെ സൂചിപ്പിക്കുന്നു. 'ളലൂം'ന്റെ വിപരീതമാണ് 'ആദിൽ' (നീതിമാൻ) 'ജഹൂലി'ന്റെ വിപരീതം 'ആലിം' (ജ്ഞാനി). മനുഷ്യൻ മേൽ രണ്ടു ഗുണങ്ങളും നേടിയെടുക്കണമെന്നാണ് ഖുർആന്റെ ആഹ്വാനം. സത്യവിശ്വാസത്തെ യഥാർത്ഥ ജ്ഞാനമായും നീതിയെ സൽക്കർമമായും ഖുർആൻ സാങ്കേതികമായി പ്രയോഗിച്ചിരിക്കുന്നു. (അൽ അസ്വ്ർ:1-3) ഇവിടെ നഷ്ടം എന്ന് ഖുർആൻ വ്യവഹരിച്ചിരിക്കുന്നത് കർമപരമായ അക്രമവും വൈജ്ഞാനിക രംഗത്തെ അജ്ഞതയുമാണ്. അതിന്റെ ചികിത്സ സത്യവിശ്വാസമാണ്. യഥാർഥവും സുബദ്ധവുമായ നീതിയാണ് മറ്റൊന്ന്. അതായത്, സൽകർമ്മം. സത്യവിശ്വാസവും സൽകർമവും ഒത്തുചേരാത്ത മാനവജീവിതം നഷ്ടകരമാണെന്ന് കാലത്തെ സാക്ഷിയാക്കി അല്ലാഹു സത്യം ചെയ്തിരിക്കുന്നു. കാലം എന്നതിന്റെ വിവക്ഷ ലോകാരംഭം മുതൽ ഇന്നുവരെയുമുള്ള സംഭവങ്ങൾ എന്നത്രെ. കാലത്തെ സംബന്ധിച്ച് തോമസ് കാർലൈൻ (എ.ഡി 1795-1881) (2)പ്രസ്താവിച്ചത് ഇങ്ങനെയാണ്: 'മഹാന്മാരുടെ പരമ്പരയുടെ പേരാണ് ചരിത്രം.' ലോകചരിത്രത്തിൽ സത്യവിശ്വാസം സ്വീകരിക്കാനും സൽക്കർമം അനുഷ്ഠിക്കാനും ഭാഗ്യമുണ്ടായിട്ടില്ലാത്തവരെല്ലാം വ്യക്തമായ നഷ്ടത്തിലാണെന്നതിനും അവരുടെ ഗതി വിനാശത്തിലേക്കാണെന്നതിനും ലോകചരിത്രം ഉത്തമസാക്ഷിയാണ്. എല്ലാ ദൈവികഗ്രന്ഥങ്ങളും പുരാണങ്ങളും സൽസ്വഭാവകഥകളും മനുഷ്യനന്മയെയും തിന്മയെയും കുറിച്ച ആഖ്യാനങ്ങളും, അക്രമത്തിന്റെയും അവഗണനയുടെയും സത്യവിശ്വാസത്തിന്റെയും സൽക്കർമത്തിന്റെയും ജീവിതത്തിൽ അവയുടെ സൃഷ്ടിപരമോ സംഹാരാത്മകമോ ആയ ഫലങ്ങളേയും കുറിച്ച ആശയങ്ങളാൽ സമ്പന്നമാണ്. ചരിത്രത്തിന്റെ ഒരു വശം നീതിയുടെയും സൽക്കർമത്തിന്റെയും സത്യവിശ്വാസത്തിന്റെയും കഥകളാൽ പ്രകാശമാനമാണ്. മറ്റൊരുവശം അജ്ഞതയുടെയും അക്രമത്തിന്റെയും തിന്മയുടെയും ഇരുട്ടിന്റെയും കഥകളാൽ കരാളമാണ്. അതുപോലെ, മാനവിക ഉത്തരവാദിത്വം മനസ്സിലാക്കി അത് സ്വീകരിച്ചവരെ ചരിത്രം പുകഴ്ത്തുന്നു. അത് നിഷേധിച്ച് തള്ളിയവരെ അത് ആക്ഷേപിക്കുന്നു.




ഇലിയഡും ഷാനാമയും മഹാഭാരതവും രാമായണവും ഗീതയുമെല്ലാം സത്യവിശ്വസവും സത്യനിഷേധവും നന്മയും തിന്മയും, നീതിയും, അക്രമവും, അറിവും അജ്ഞതയും തമ്മിലെ സംഘർഷങ്ങളുടെ ചരിത്രം പറയുന്നവയാണ്. എല്ലാറ്റിലെയും കഥാപുരുഷന്മാർ അതാത് രാജ്യങ്ങളിലെ മഹാന്മാരാണ്. നന്മകൾ സ്വായത്തമാക്കാനും തിന്മകൾ കൈവെടിയാനും ഈ കൃതികളെല്ലാം മനുഷ്യരെ ഉപദേശിക്കുന്നു.

**ഖുർആൻ നൽകുന്ന ചരിത്രപാഠം**

ഖുർആൻ ഉൾപ്പെടെയുള്ള ആകാശഗ്രന്ഥങ്ങൾ സുകൃതവാന്മാരുടെ ചരിത്രവും വിജയ-മോക്ഷകഥകളും അക്രമികളുടെ ദുരന്തകഥകളുമാണ് വിവരിക്കുന്നത്. തൗറാത്ത്, ഇഞ്ചീൽ, സബൂർ, ഖുർആൻ എന്നിവയിലെ കൂടുതൽ ഉള്ളടക്കവും അക്രമികളായ സമൂഹങ്ങളുടെയും സത്യനിഷേധികളായ ജനതകളുടെയും പരാ

ജയകഥകളും സത്യവിശ്വാസികളുടെ വിജയഗാഥകളു മാണ് സമൂഹത്തിൽഅനാവരണം ചെയ്യുന്നത്.


സമൂഹത്തിൽ മേൽകൈയ്യുള്ള അക്രമം നീതി യ്ക്കും, അതിക്രമം നിർഭയത്വത്തിനും, സത്യനിഷേധം സത്യവിശ്വാസത്തിനും വഴിമാറണം. ഈ ആവശ്യാർഥം അല്ലാഹു ധാരാളം നബിമാരെ ജനങ്ങൾക്ക് മാതൃകയായി നിയോഗിച്ചു. സർവജനതകളുടെയും ജീവിതത്തെ സൗഭാ ഗ്യപൂർണമാക്കുകയായിരുന്നു അതിന്റെ ലക്ഷ്യം. ഈ സുവർണ ശൃംഖലയിലെ ഒടുവിലെ കണ്ണിയാണ് മുഹ മ്മദ് നബി(സ). അദ്ദേഹത്തിന്റെ ജീവിതം മാനവവംശ ത്തിന് അനുഗൃഹീതമായ മഹദ് മാതൃകയായിരുന്നു.

“ഞാൻ ഇതിനു-പ്രവാചകത്വത്തിനു- മുമ്പ് നിങ്ങൾക്കിടയിൽ കുറെക്കാലം തീർച്ചയായും ജീവിച്ചി ട്ടുണ്ട്. നിങ്ങൾ ചിന്തിക്കുന്നില്ലേ?”(യൂനുസ്-16) നബി(സ) യുടെ സംശുദ്ധജീവിതത്തെ ഈ സൂക്തത്തിൽ പ്രവാച കത്വത്തിന് മാതൃകയായി അല്ലാഹു അവതരിപ്പിക്കുകയാ ണ്.

**ചരിത്രത്തിന്റെ ഗർഭത്തിൽ ആയിരക്കണക്കിന് മഹാ ന്മാർ**

മാനവചരിത്രത്തിൽ ആയിരക്കണക്കിന് മഹാന്മാ രുണ്ട്. അവരുടെയെല്ലാം ജീവിതം ശേഷകാലക്കാർക്ക് മാതൃകയാണ്. ഭരണാധികാരികൾ, രാജാക്കന്മാർ, മഹാ പ്രതിഭകൾ, സേനാനായകന്മാർ, തത്ത്വശാസ്ത്രജ്ഞർ, ശാസ്ത്രപ്രതിഭകൾ അങ്ങനെയങ്ങനെ ആരെല്ലാം. ലോക ജേതാക്കളുടെ പതാകകൾ വാനിൽ ഉയർന്നുപറക്കന്നു. മറ്റൊരുഭാഗത്ത് ഗായകരുടെയും സംഗീതവിദുഷി കളുടെയും നിര. ഖജനാവുകളുടെയും നിധിനിക്ഷേപങ്ങ ളുടെയും ഭൗതികപ്രമത്തതയുടെയും മഹാശേഖര ങ്ങളുടെ ഉടമകൾ. ഇവരുടെയെല്ലാം ജീവിതം മനുഷ്യ രുടെ വ്യാമുഗ്ധമാവുന്നു. Hannibal ന്റെയും അലക്സാണ്ട റിന്റെയും, റോമൻ ചക്രവർത്തി സീസറിന്റെയും , പേർഷ്യ ക്കാരനായ ദാറാ യുടെയും, യൂറോപ്യനായ നെപ്പോളിയ ന്റെയും ചരിത്രം എക്കാലത്തെയും മനുഷ്യരെ ആകർഷി ക്കുന്നതാണ്. യവനതത്ത്വചിന്തകരായ സോക്രട്ടീസ്, പ്ലാറ്റോ, ഡയോജനിസ്, സ്പെൻസർ മുതലായവർ ചരി ത്രത്തിലെ അതീവ മൂല്യമുള്ള വ്യക്തിത്വങ്ങളിൽ ചിലരാ ണ്. ഇതുപോലെ നംറൂദും ഫിർഔനും അബൂജഹ്ലും അബൂലഹബുമെല്ലാം ചരിത്രം കണ്ട ദുഷ്ടവ്യക്തിത്വങ്ങ ളാണ്. ഖാറൂന്റെ ജീവിതം ഏക്കാലത്തെയും ചരിത്ര ത്തിലെ അപൂർവ ദുരന്തമാണ്. ഇങ്ങനെ ലോകമാനവ രുടെ പ്രവർത്തന ജീവിതത്തിൽ അനേകമനേകം പേർ ജീവിച്ചുകടന്നുപോയിരിക്കുന്നു.

പക്ഷെ, മേൽഗണത്തിലാരെങ്കിലും മാനവസമൂ ഹത്തിന്റെ സൗഭാഗ്യവിജയങ്ങൾ ഉറപ്പുതന്നിട്ടുണ്ടോ? ഇവ രിൽ ആരുടെയെങ്കിലും ജീവിതം മാനവർക്ക് മാതൃകയാ യിട്ടുണ്ടോ? മുകളിൽ പറഞ്ഞവരിൽ ലോകജേതാക്കളു ണ്ട്. അഭിമാനഭാജനങ്ങളായ സൈനികരും ഓഫീസർമാ രുമുണ്ട്.അവർക്ക് മുമ്പിൽ സ്വേഛാധിപതികൾ കീഴൊതു ങ്ങിയിട്ടുണ്ട്. അക്രമി കൾ അടിയറവു പറ ഞ്ഞിട്ടുണ്ട്. മഹാന്മാരും നേതാക്കളും അവരുടെ മുമ്പാകെ രാജിയായി ട്ടുണ്ട്. പക്ഷെ, മാനവ സമൂഹത്തിന്റെ ക്ഷേമ സൗഭാഗ്യങ്ങൾക്ക് അവർ വല്ല മാതൃകയും വിട്ടേച്ചുപോയിട്ടുണ്ടോ? അവരുടെ വാൾ തല പ്പിന്റെ മൂർച്ചകൊണ്ടും അമ്പുകളുടെ കൂർപ്പ് കൊണ്ടും മിഥ്യാവിശ്വ





ാസങ്ങളുടെ വലക്കണ്ണികൾ മുറിച്ചുമാറ്റാൻ അവർക്ക് കഴി ഞ്ഞിട്ടുണ്ടോ? അവരുടെ തെറ്റായ ചിന്തകളുടെയും മൂഢധാരണകളുടെയും വേരുകൾ പിഴുതെറിയാൻ അവർക്കായിട്ടുണ്ടോ? സാമൂഹിക ജീവിതത്തിലെ പ്രശ്ന ങ്ങൾ പരിഹരിക്കാൻ അവർക്കായിട്ടുണ്ടോ? മനുഷ്യസാ ഹോദര്യവും സ്നേഹവും ഇണക്കവും ഉണ്ടാക്കാൻ അവർക്ക് കഴിഞ്ഞിട്ടുണ്ടോ? മാനവസമൂഹത്തിന് ശ്രേഷ്ഠവും മാതൃകാപരവുമായ സമ്പൂർണ രൂപരേഖസ മർപ്പിക്കാൻ അവർക്ക് സാധിച്ചിട്ടുണ്ടോ? മാനസിക വ്യഥ കൾക്ക് രോഗശമനം നിർദ്ദേശിക്കാൻ അവർക്ക് കഴിഞ്ഞി ട്ടുണ്ടോ? ഹൃദയങ്ങളിലെ കറകൾ നീക്കം ചെയ്യാനും നമ്മുടെ കർമങ്ങൾക്കും സ്വഭാവങ്ങൾക്കും ഒരു പദ്ധതി സമർപ്പിക്കാനും അവർക്ക് ആയിട്ടുണ്ടോ?

**ഉത്തമകർമമാതൃക സമർപ്പിക്കുന്നതിൽ കവികളും കലാകാരന്മാരും പരാജയപ്പെട്ടു**

വിവിധലോകഭാഷകളിൽ ലോകത്തെ അമ്പര പ്പിച്ച മഹാകാവ്യ പ്രതിഭകളുണ്ടായിട്ടുണ്ട്. അവരുടെ ഭാഷാവൈഭവവും കവനശേഷിയും പക്ഷെ ഭാവനയുടെ മായാലോകത്ത് വിഹരിക്കുകയായിരുന്നു. അവരുടെ ഊഹഭാവനകൾ മാനവതക്ക് ഒരു പ്രയോജനവും ചെയ്തില്ല. പ്രായോഗികലോകത്ത് അവർ പരാജയമായി രുന്നു.അതുകൊണ്ടാവണം, അവർക്ക് പ്ലാറ്റോവിന്റെ പ്രശ സ്തമായരഷ്ട്രത്തിൽ ഒരു സ്ഥാനവും ലഭിക്കാതെപോ യത്.Iliyad ന്റെയും Odessay യുടെയും കർത്താവായ ഹോമറിന്റെ കാലം മുതൽ ഇന്നുവരെ മാനവതയുടെ ജീവിതപ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കാൻ അവർക്കായിട്ടില്ല. താൽക്കാലികവും തീവ്രവുമായ വികാ രങ്ങൾ, ബഹളങ്ങൾ, വേദനകൾ, മുറിവുകൾ,സുഖാസ്വാ ദനങ്ങൾ... ഇതായിരുന്നു അവരുടെ രചനകളുടെ ഉള്ളട ക്കം. അവരുടെ മധുര വചനങ്ങളും രസനീയരാഗങ്ങളു മെല്ലാം മറ്റുള്ളവരെ സംബന്ധിച്ചിടത്തോളം നല്ല മാതൃ കയായിരുന്നില്ല. ഇതേ സംബന്ധിച്ചാണ് ഖുർആൻ ഇങ്ങനെ പ്രസ്താവിച്ചത്:

﴿والشُّعَرَاءُ يَتَّبِعُهُمُ الْغَاوُنَ(٢٢٤) أَلَمْ تَرَ أَنَّهُمْ فِي كُلِّ وَادٍ يَهِيمُونَ (٢٢٥) وَأَنَّهُمْ يَقُولُونَ مَا لا يَفْعَلُونَ (٢٢٦) إِلَّا الَّذِينَ ءامَنُوا وَعَمِلُوا الصالحَاتِ...﴾

കവികളെ ദുർമാർഗികളാകുന്നു പിൻപറ്റുന്നത്. അവർ എല്ലാതാഴ്വരകളിലും അലഞ്ഞുനടക്കുന്നവരാണെന്നും, തങ്ങൾ പ്രവർത്തിക്കാത്തത് പറയുന്നവരാണെന്നും അവർ കണ്ടില്ലേ? വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരൊഴികെ... (ശുഅറാഅ്:224-227)


*ഡയോജനിസ്*

അവരുടെ മധുരമനോഹരമാഹാകാവ്യങ്ങളും മണിമുഴക്കമുള്ള കവിതകളും മാനവ സമൂഹത്തിൽ സ്വാധീനം ചെലുത്താതിരുന്നതിന്റെ കാരണം ഖുർആൻ വ്യക്തമാക്കിയിരിക്കുന്നു. ചിന്തകളുടെയും ഭാവനകളുടെയും ഊഹങ്ങളുടെയും താഴ്വാരങ്ങളിലൂടെയാണ് അവരുടെ സഞ്ചാരം. സത്യവിശ്വാസത്തിന്റെയും സൽക്കർമത്തിന്റെയും സത്തയിൽ നിന്ന് അവർ ശൂന്യരാണ്. അവർ സത്യവിശ്വാസവും സൽകർമവും സ്വീകരിച്ചിരുന്നുവെങ്കിൽ അവരുടെ കവിതകൾക്ക് ജനഹൃദയങ്ങളെ സ്വാധീനിക്കാൻ സാധിച്ചേനെ. അതെ, കവികൾക്ക് സന്മാർഗദർശനത്തിന് അർഹതയില്ല. മഹത്തായ പരിഷ്കരണ-സംസ്കരണ ബാധ്യതനിർവഹിക്കാനാവില്ല. ലോകചരിത്രം ഇതിന് സാക്ഷിയാണ്.

ലോകത്തിന്റെ ഗതിമാറ്റിമറിച്ച തത്വശാസ്ത്രജ്ഞന്മാരുണ്ടായിട്ടുണ്ട്. അത്യദ്ഭുതകരമായ മഹാധിഷണയിലൂടെ അവർ ലോകത്തിന്റെ ഭൂപടം മാറ്റിമറിച്ചിട്ടുണ്ട്. അമ്പരപ്പിക്കുന്ന ചിന്തകൾ അവർ ലോകത്തിന് സമ്മാനിച്ചിട്ടുണ്ട്. ലോകമഹാൽഭുതങ്ങൾക്കുമീതെയുണ്ടായിരുന്ന തിരശ്ശീലകൾ അവർ വകഞ്ഞു മാറ്റിയിട്ടുണ്ട്. ഒട്ടേറെ ഊരാക്കുടുക്കുകൾ അവർ പരിഹരിച്ചിട്ടുണ്ട്. അതൊക്കെയും ശരിയാണെങ്കിലും പ്രായോഗികവും സമ്പൂർണവുമായ സന്മാർഗത്തിനായുള്ള മാനവതയുടെ ദാഹം ശമിപ്പിക്കാൻ അവർക്കൊന്നുമായില്ല. മനുഷ്യരുടെ ഉത്തരവാദിത്വങ്ങളുടെയും ബാധ്യതകളുടെയും പ്രശ്നങ്ങൾ കെട്ടഴിക്കുന്നതിന് യഥാർഥമായ സഹായവുംപ്രായോഗികമായ പിന്തുണയും നൽകാൻ അവർക്ക് കഴിഞ്ഞിട്ടില്ല. കാരണം അവരുടെ സൂക്ഷ്മചിന്തകളും സമുന്നത വീക്ഷണങ്ങളും അപ്രായോഗികവും മാതൃകാരഹിതവുമായിരുന്നു.

എക്കാലത്തെയും വിഖ്യാത തത്വജ്ഞാനിയായ അരിസ്റ്റോട്ടിലി(ബിസി 384-322)ന്റെ ചിന്തകൾ നൂറ്റാണ്ടുകളായി ലോകത്തെ എല്ലാ യൂണിവേഴ്സിറ്റികളിലും പഠനഗവേഷണ വിഷയമാണ്. അതേപ്പറ്റി വിലപ്പെട്ട പ്രഭാഷണങ്ങൾ നടത്തപ്പെട്ടിട്ടുണ്ട്. അതിലെ ഓരോ വശത്തെപറ്റിയും വിവിധ കോണുകളിലൂടെ ചർച്ചകൾ നടന്നിട്ടുണ്ട്. സ്വഭാവമൂല്യങ്ങളുടെ വിഷയത്തിൽ അതിനുള്ള സമുന്നതസ്ഥാനം പലരും എടുത്തു പറഞ്ഞിട്ടുണ്ട്. പക്ഷെ, ഒരു കാര്യം! അരിസ്റ്റോട്ടിലിന്റെ തത്വശാസ്ത്രം പഠിച്ചിട്ട് എത്ര പേർക്ക് സന്മാർഗം ലഭിച്ചിട്ടുണ്ട്?

ലോകത്തെ എല്ലായൂണിവേഴ്സിറ്റികളും ധാർമികതത്വശാസ്ത്രത്തിൽ അതിപ്രഗൽഭരും വിദഗ്ധരുമായ അധ്യാപകരാൽ സമ്പന്നമാണ്. പക്ഷെ, അവരുടെ തത്വശാസ്ത്രജ്ഞാനങ്ങളും അവയുടെ ഗുപ്തവും ബാഹ്യവുമായ ആശയങ്ങളും അവരുടെ ക്ലാസ്മുറികളും യൂനിവേഴ്സിറ്റി കേമ്പസുകളും കടന്ന് പുറത്തേക്ക് പോകുന്നില്ല. കാരണം, യൂണിവേഴ്സിറ്റിയുടെ പടിക്ക് പുറത്തു കടന്നാൽ അവരുടെ ജീവിതവും സാധാരണക്കാരുടെ ജീവിതവും തമ്മിൽ ഒരു വിരൽ തുമ്പിന്റെ വ്യത്യാസം പോലും അനുഭവപ്പെടുന്നില്ല. എങ്കിൽ പിന്നെ തത്വശാസ്ത്രത്തിന്റെ പ്രയോജനമെന്ത്?

എത്രയോ വലിയ വലിയ രാജാക്കന്മാർ ലോകത്തെ പലരാജ്യങ്ങളും ഭരിച്ചിട്ടുണ്ട്. അവർ ജനങ്ങളുടെ ശരീരങ്ങളെയും വിലമതിക്കാത്ത സ്വത്തുക്കളെയും കൈയ്യടക്കി. വസ്തുവഹകൾ കൊള്ളയടിച്ചു. ആത്മാക്കൾക്കുമേൽ അടക്കിവാണു. ചില നഗരങ്ങൾ തകർക്കുകയും മറ്റുചിലവകെട്ടിപ്പൊക്കുകയും ചെയ്തു. ചിലജനവിഭാഗങ്ങളെ അവർ താഴ്ത്തിക്കളഞ്ഞു. മറ്റു ചിലരെ ഉയർത്തിക്കൊണ്ടുവന്നു. ചിലരുടെ സ്വത്തുക്കൾ കവർന്നെടുത്തു. മറ്റു ചിലർക്ക് അവരുടെ സമ്പത്തുക്കൾ നൽകി. പക്ഷെ അവരുടെ പ്രകൃതിപഴയതുപോലെ തുടർന്നു. ഒരു മാറ്റവുമുണ്ടായില്ല. സബഇലെ രാജ്ഞി പ്രസ്താവിച്ചതായി ഖുർആൻ പറഞ്ഞതുപോലെയാണ് കാര്യം.

﴿قَالَتْ إِنَّ الْمُلُوكَ إِذَا دَخَلُوا قَرْيَةً أَفْسَدُوهَا وَجَعَلُوا أَعِزَّةَ أَهْلِهَا أَذِلَّةً وَكَذَلِكَ يَفْعَلُونَ﴾

**എക്കാലത്തെയും വിഖ്യാത തത്വജ്ഞാനിയായ അരിസ്റ്റോട്ടിലി(ബിസി 384–322)ന്റെ ചിന്തകൾ നൂറ്റാണ്ടുകളായി ലോകത്തെ എല്ലാ യൂണിവേഴ്സിറ്റികളിലും പഠനഗവേഷണ വിഷയമാണ്. അതേപ്പറ്റി വിലപ്പെട്ട പ്രഭാഷണങ്ങൾ നടത്തപ്പെട്ടിട്ടുണ്ട്. അതിലെ ഓരോ വശത്തെപറ്റിയും വിവിധ കോണുകളിലൂടെ ചർച്ചകൾ നടന്നിട്ടുണ്ട്. സ്വഭാവമൂല്യങ്ങളുടെ വിഷയത്തിൽ അതിനുള്ള സമുന്നതസ്ഥാനം പലരും എടുത്തു പറഞ്ഞിട്ടുണ്ട്. പക്ഷെ, ഒരു കാര്യം! അരിസ്റ്റോട്ടിലിന്റെ തത്വശാസ്ത്രം പഠിച്ചിട്ട് എത്ര പേർക്ക് സന്മാർഗം ലഭിച്ചിട്ടുണ്ട്?**

**ലോകത്തെ എല്ലായൂണിവേഴ്സിറ്റികളും ധാർമികതത്ത്വശാസ്ത്രത്തിൽ അതിപ്രഗൽഭരും വിദഗ്ധരുമായ അധ്യാപകരാൽ സമ്പന്നമാണ്. പക്ഷെ, അവരുടെ തത്ത്വശാസ്ത്രജ്ഞാനങ്ങളും അവയുടെ ഗുപ്തവും ബാഹ്യവുമായ ആശയങ്ങളും അവരുടെ ക്ലാസ്മുറികളും യൂനിവേഴ്സിറ്റി കേമ്പസുകളും കടന്ന് പുറത്തേക്ക് പോകുന്നില്ല. കാരണം, യൂണിവേഴ്സിറ്റിയുടെ പടിക്ക് പുറത്തു കടന്നാൽ അവരുടെ ജീവിതവും സാധാരണക്കാരുടെ ജീവിതവും തമ്മിൽ ഒരു വിരൽ തുമ്പിന്റെ വ്യത്യാസം പോലും അനുഭവപ്പെടുന്നില്ല. എങ്കിൽ പിന്നെ തത്ത്വശാസ്ത്രത്തിന്റെ പ്രയോജനമെന്ത്?**

'തീർച്ചയായും ചക്രവർത്തിമാർ ഒരു നാട്ടിൽ കടന്നാൽ അവർ അവിടെ നാശമുണ്ടാക്കുകയും, അവിടത്തുകാരിലെ പ്രതാപികളെ നിന്ദ്യരാക്കുകയും ചെയ്യുന്നതാണ്'(നംല്:34) അവരുടെ ഊരിപ്പിടിച്ച വാളുകൾക്ക് പരസ്യമായ രീതിയിലുള്ള തെറ്റുകൾക്ക് ശിക്ഷ വിധിക്കാനെ കഴിഞ്ഞിട്ടുള്ളു. സ്വന്തം താവളങ്ങളിലും വിജന സങ്കേതങ്ങളിലും തക്കം പാർത്തിരുന്ന കുറ്റവാളികളെ ശിക്ഷിക്കാൻ കഴിഞ്ഞിട്ടില്ല. റോഡുകളിലും വഴിയോരങ്ങളിലും സമാധാനവും നിർഭയത്വവും സ്ഥാപിക്കാൻ അവർക്കായിട്ടുണ്ടാവാം. പക്ഷെ, മാനവഹൃദയങ്ങളിൽ സന്തോഷവും സൗഭാഗ്യവും സാധ്യമാക്കുന്നതിൽ അവർ പരാജയപ്പെട്ടു. മനസ്സുകളിലെ കെടുകീടങ്ങളെ തുടച്ചു നീക്കുന്നതിൽ അവർ അമ്പേ തോറ്റു.

രാഷ്ട്രവ്യവസ്ഥ ആസൂത്രണം ചെയ്യുന്നതിലും രാജ്യകാര്യങ്ങൾ വ്യവസ്ഥപ്പെടുത്തുന്നതിലും അതിലെ നിയമങ്ങളും വ്യവസ്ഥകളും നിർണയിക്കുന്നതിലും ചക്രവർത്തിമാർ വിജയിച്ചു. പക്ഷെ, പ്രജകളുടെ ആത്മാവുകളെ വ്യവസ്ഥപ്പെടുന്നതിലും അവയെ മാർഗനിർദ്ദേശം ചെയ്യുന്നതിലും ബോധവൽക്കരിക്കുന്നതിലും അവർ പരാജയമായിരുന്നു. എല്ലാ ആത്മീയ രോഗങ്ങളും ഉൽഭവിച്ചതും സംക്രമിച്ചതും രാജകൊട്ടാരങ്ങളിൽ നിന്നായിരുന്നു. അലക്സാണ്ടർ ചക്രവർത്തിയും റോമാചക്രവർത്തിയും മാതൃകയാക്കാൻ പറ്റുന്ന എന്താണ് നമുക്ക് വിട്ടേച്ചു പോയിട്ടുള്ളത്?

Solon (ബി.സി 560-630)മുതൽ ധാരാളം പേർ നിയമാവിഷ്കർത്താക്കൾ എന്ന പേരിൽ ലോകത്ത് പ്രശസ്തരായിട്ടുണ്ട്. പക്ഷെ, അവരുടെ നിയമ രേഖകൾക്ക് ശാശ്വതികത്വമുണ്ടായിരുന്നില്ല. അവരുടെ അനുയായികൾക്ക് ഹൃദയ ശുദ്ധിയുടെ അടിസ്ഥാനങ്ങൾ കണ്ടെത്താനായിട്ടില്ല. സ്നേഹത്തിന്റെയും നിഷ്കളങ്കതയുടെയും സംശയങ്ങൾ മനസ്സിലാക്കാനായിട്ടില്ല. അവർക്ക് ശേഷം വന്ന ഭരണാധികാരികളും ഗവൺമെന്റുകളും പ്രസ്തുത നിയമങ്ങൾ പിറകോട്ട് വലിച്ചെറിഞ്ഞു. കടലാസുകളിൽ നിന്നും പുസ്തകങ്ങളിൽ നിന്നും തെറ്റുകൾ മായ്ക്കുന്നതുപോലെ അവ പൂർണമായി മായ്ച്ചുകളഞ്ഞു. പുതിയ നിയമങ്ങൾ ആവിഷ്കരിച്ചു. നൂതന ശരീഅത്തുകൾ നടപ്പിലാക്കി. പൊതുമാനവ താൽപര്യങ്ങൾക്കപ്പുറം വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങളായിരുന്നു അവയുടെ അടിത്തറ. കൂടെക്കൂടെ നിയമങ്ങൾ മാറ്റിക്കൊണ്ടിരുന്നു. ജനതാൽപര്യങ്ങൾക്കുപകരം ഗവൺമെന്റുകളെ എങ്ങനെയെങ്കിലും നിലനിർത്തുക എന്നത് മാത്രമായിരുന്നു അവരുടെ ലക്ഷ്യം.

സഹോദരന്മാരേ, ഇതുവരെയായി ഞാൻ മനുഷ്യരിലെ എല്ലാ വിഭാഗങ്ങളെയും കുറിച്ച് വിവരിച്ചുകഴിഞ്ഞു. മാനവതയുടെ പരിഷ്ക്കരണത്തിലും സംസ്കാരത്തിലും പ്രതീക്ഷകൾ അർപ്പിക്കപ്പെടാവുന്ന മഹാന്മാരെക്കുറിച്ചെല്ലാം നാം വിശകലനം ചെയ്തുകഴിഞ്ഞു. പക്ഷെ, അവരിലൊന്നും നമുക്ക് പ്രതീക്ഷയർപ്പിക്കാവുന്നതായി ഒന്നുമുണ്ടായിരുന്നില്ല. അവരെക്കുറിച്ച എല്ലാ പ്രതീക്ഷകളും അസ്തമിച്ചു. എല്ലാസ്വപ്നങ്ങളും പൊലിഞ്ഞു. നിങ്ങൾ ശ്രദ്ധിച്ചുനോക്കൂ: നന്മയുടെയും സൗഭാഗ്യത്തിന്റെയും, നിഷ്ക്കളങ്കതയുടെയും കരാർ പൂർത്തീകരണത്തിന്റെയും ഹൃദയവിശുദ്ധിയുടെയും ആത്മസംസ്കരണത്തിന്റെയും മനോനൈർമല്യത്തിന്റെയും ഇടങ്ങളായി ഈ വിശാലഭൂമിയിൽ നമുക്ക് കാണാവുന്ന എത്തുണ്ടു ഭൂമിയും ആ അവസ്ഥയിൽ നില നിൽക്കുന്നുണ്ടെങ്കിൽ, അതിനു കാരണം മറ്റാരുമല്ല, പ്രവാചകന്മാർ, ദൂതന്മാർ എന്നപേരിൽ നാം വിളിക്കുന്ന പുണ്യാത്മാക്കൾ മാത്രമാണ്.

പർവത ഗഹ്വരങ്ങളിലും വനാന്തരങ്ങളിലും നഗരാതിരുകളിലും എന്നു വേണ്ട, എവിടെയും കഴിയുന്ന മനുഷ്യരിൽ നീതിയും കാരുണ്യവും ദയയും സാന്ത്വനവും പരസ്പര ഗുണകാംക്ഷയും ഉത്തമവും മേത്തരവുമായ സൽസ്വഭാവങ്ങളും അനാഥരോടുള്ള പരിഗണനയും അഗതികൾക്കും ആർത്തർക്കും പിന്തുണയും ഉദാരഹസ്തങ്ങളുമുണ്ടോ, അവിടെ നമുക്ക് ഒരു കാര്യം ഉറപ്പിച്ചു പറയാൻ കഴിയും. അതായത്, മേൽ പ്രവാചക ഗണത്തിൽപെട്ട ഏതോ പ്രവാചകന്റെ ക്ഷണത്തിന്റെ ശേഷിപ്പാണത്. അവരുടെ പ്രബോധനത്തിന്റെ ഉത്തമവും അനുഗൃഹീതവുമായ ഫലമാണത്. കാരണം, ഈ വിശാലമായ ഭൂമിയിലെ എല്ലാ പ്രദേശങ്ങളിലും പ്രവാചകന്മാർ വന്നുപോയിട്ടുണ്ട്.

﴿وَإِنْ مِنْ أُمَّةٍ إِلَّا خَلَا فِيهَا نَذِيرٌ﴾


ഒരു മുന്നറിയിപ്പുകാരൻ (പ്രവാചകൻ) കടന്നു പോയിട്ടില്ലാത്ത ഒരു സമുദായവുമില്ല(ഫാതിർ-24)

﴿وَلِكُلِّ قَوْمٍ هَادٍ﴾

എല്ലാ സമുദായത്തിനും ഒരു സന്മാർഗ ദർശകൻ- പ്രവാചകൻ- ഉണ്ടായിരുന്നിട്ടുണ്ട്.(അർറഅ്ദ്:7)




*ഹാന്നിബൽ*



*സോക്രട്ടീസ്*



*പ്ലാറ്റോ*



*സോളോൺ*

ആഫ്രിക്കയിലെ അപരിഷ്കൃത വിഭാഗങ്ങളും യൂറോപ്പിലെ പരിഷ്കൃതരും ഉൾപ്പെടെ എവിടെയും എക്കാലത്തുമുള്ള എല്ലാ ജനവിഭാഗങ്ങളും ആ ഉത്തമ ജനവിഭാഗത്തിന്റെ- പ്രവാചകന്മാരുടെ- നിർജ്ജരിയിൽ നിന്നാണ് ജലപാനം ചെയ്യുന്നത്. അവരുടെ പ്രബോധനത്തിന്റെ പ്രതിധ്വനിയാണ് ലോകത്ത് നാം മുഴങ്ങിക്കേൾക്കുന്നത്. സന്മാർഗബദ്ധവും പ്രയോജനകരവുമായ അവരുടെ അധ്യാപനങ്ങളുടെ അനുഗ്രഹ പ്രവാഹമാണ് ലോകത്തെ തഴുകുന്നത്. എല്ലാ സമൂഹങ്ങളും പ്രദേശങ്ങളും കടഞ്ഞെടുത്ത അവരുടെ പ്രകാശങ്ങളാലാണ് പ്രശോഭിതമായിരിക്കുന്നത്.

അല്ലാഹു തന്റെ ദാസന്മാരായ മനുഷ്യരിൽ നിന്ന് ഇവരെ സവിശേഷം തെരഞ്ഞെടുത്തതും, നാം നേരത്തെ വായിച്ച ലോകമഹാ പ്രതിഭകളേക്കാളും ഉയരത്തിൽ അവരെ പ്രവാചകത്വം നൽകി ആദരിച്ചതും അവർ ഹൃദയങ്ങളെ ഭരിക്കുന്നവരാണെന്നതിനാലാണ്. പ്രജകളുടെ ശരീരങ്ങളിൽ മാത്രം അധികാരപരിധിയൊതുങ്ങുന്ന ഭരണാധികാരികളെ പോലെയല്ല പ്രവാചകന്മാർ. പ്രവാചകന്മാരുടെ ഭരണകൂടത്തിന്റെ വൃത്തം ഭൂമിയല്ല, ഹൃദയങ്ങളും ആത്മാവുകളുമാണ്. ലോകചക്രവർത്തിമാരും സേനാനായകന്മാരും ധാരാളം സമ്പത്തും ആയുധസജ്ജീകരണങ്ങളും സ്വന്തമായുള്ളവരാണ്. പ്രവാചകന്മാർക്ക് ഈ വകയൊന്നുമില്ലെങ്കിലും മനുഷ്യഹൃദയങ്ങളിൽ നിന്ന് തിന്മകളുടെയും മനസ്സുകളിലെ പാപങ്ങളുടെയും വേരുകൾ അറുത്തുമാറ്റാനും, അവയെ മാലിന്യങ്ങളിൽ നിന്ന് മുക്തമാക്കി ശുദ്ധിവരുത്താനും മഹിതഗുണങ്ങളാൽ അവയെ അലങ്കരിക്കാനും കഴിയുന്നവരാണവർ.

സങ്കൽപങ്ങളുടെയും ഊഹങ്ങളുടെയും താഴ്‌വാരങ്ങളിലൂടെ മണിമുഴക്കമുള്ള കവിതകളുമായി സഞ്ചരിക്കുന്ന കവികളായിരുന്നില്ല പ്രവാചകന്മാർ. സമസ്തലോകങ്ങളും, സമുദായങ്ങളായ സമുദായങ്ങളൊക്കെയും പ്രവാചകന്മാരുടെ മധുരവചനങ്ങളെ ആസ്വദിച്ചനുഭവിക്കുന്നു. ആദർശസ്വചരതയിൽ നിന്നും ഏകദൈവ വിശ്വാസവിശുദ്ധിയിൽ നിന്നും ഉറവെടുക്കുന്ന അവരുടെ സത്യപ്രബോധനത്തെ സ്വാംശീകരിക്കുന്നു.

പ്രവാചകന്മാർ നിയമ നിർമാണ കേന്ദ്രങ്ങളോ സഭകളോ ആയിരുന്നില്ല. പക്ഷെ, അവർ ലോകത്തിന്റെ മുമ്പാകെ സമർപ്പിച്ച അടിസ്ഥാനങ്ങളും നിയമങ്ങളും സഹസ്രാബ്ദങ്ങളായി ലോകമാനവസമൂഹങ്ങൾക്ക് ഉപകാരപ്പെട്ടു കൊണ്ടേയിരിക്കുന്നു. അവ അവലംബനീയവും പ്രായോഗികവുമായി ഇന്നും തുടരുന്നു. ഭരണാധികാരികുടെ മേൽമാത്രമല്ല,കോടതികൾക്ക് മേൽപോലും അവരുടെ നിയമങ്ങൾ നടപ്പിലാക്കപ്പെടുന്നു.രാജാക്കന്മാരും സാധാരണക്കാരും ആ നിയമങ്ങൾക്ക് കീഴൊതുങ്ങുന്നു. ഉയർന്ന ജാതികളും താഴ്ന്ന ജാതികളും പണ

**വിവിധലോകഭാഷകളിൽ ലോകത്തെ അമ്പരപ്പിച്ച മഹാകാവ്യ പ്രതിഭകളുണ്ടായിട്ടുണ്ട്. അവരുടെ ഭാഷാവൈഭവവും കവനശേഷിയും പക്ഷെ ഭാവനയുടെ മായാലോകത്ത് വിഹരിക്കുകയായിരുന്നു. അവരുടെ ഈഹഭാവനകൾ മാനവതക്ക് ഒരു പ്രയോജനവും ചെയ്തില്ല. പ്രായോഗികലോകത്ത് അവർ പരാജയമായിരുന്നു. അതുകൊണ്ടാവണം, അവർക്ക് പ്ലാറ്റോവിന്റെ പ്രശസ്തമായരഷ്ട്രത്തിൽ ഒരു സ്ഥാനവും ലഭിക്കാതെപോയത്. Iliyad ന്റെയും Odessay യുടെയും കർത്താവായ ഹോമറിന്റെ കാലം മുതൽ ഇന്നുവരെ മാനവതയുടെ ജീവിതപ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കാൻ അവർക്കായിട്ടില്ല. താൽക്കാലികവും തീവ്രവുമായ വികാരങ്ങൾ, ബഹളങ്ങൾ, വേദനകൾ, മുറിവുകൾ,സുഖാസ്വാദനങ്ങൾ... ഇതായിരുന്നു അവരുടെ രചനകളുടെ ഇള്ളടക്കം.**

ക്കാരും പാവപ്പെട്ടവരുമെല്ലാം ഒരു പോലെ അവ അനുസരിക്കുന്നു.

താത്വികമായല്ല, പ്രായോഗികമായിത്തന്നെ ഇക്കാര്യം നമുക്ക് ഗ്രഹിക്കാം. ചില ഉദാഹരണങ്ങൾ കാണാം:

1- അശോക ചക്രവർത്തി ആവിഷ്ക്കരിക്കുകയോ കൊത്തിവെക്കുകയോ ചെയ്ത നിയമങ്ങൾ ഒരു അലങ്കാരമായോ ശിലാരേഖയായോ സ്ഥിതിചെയ്യുമ്പോൾ, ബുദ്ധന്റെ ശാസനകളും അധ്യാപനങ്ങളും ഹൃദയങ്ങളിലേക്ക് വഴികണ്ടെത്തുന്നു. അഥവാ, ഹൃദയങ്ങളിൽ കൊത്തിവെക്കപ്പെടുന്നു.

2-ഉജ്ജൈനിയിലെയും ഹുഷാപുരിലെയും ഖനൂജിലെയും ചക്രവർത്തിമാരുടെ ശാസനകൾ ഇന്ന് തേഞ്ഞുമാഞ്ഞുപോയിരിക്കുന്നു. എന്നാൽ, മനുവിന്റെ ധർമശാസ്ത്രം ഇന്നും നിലനിൽക്കുന്നു.

3- ബാബിലോണിയയിലെ പ്രഥമനിയമാവിഷ്ക്കർത്താവായ ചക്രവർത്തി ഹമ്മൂറാബി (5) യുടെ നിയമങ്ങൾ നഷ്ടപ്രായമായിരിക്കുന്നു. ഇന്ന് അത് ഒരു ഐതിഹ്യംമാത്രമാണ്. എന്നാൽ, ഇബ്റാഹീം നബിയുടെ അധ്യാപനങ്ങൾ നിത്യനൂതനമായിത്തന്നെയിരിക്കുന്നു.

4- (ഞാനാണ് നിങ്ങളുടെ പരമോന്നതനായ നാഥൻ) എന്ന ഫറോവയുടെ അവകാശവാദത്തിന് എത്ര കാലത്തെ ആയുസ്സുണ്ടായിരുന്നു? ഒട്ടും ഉണ്ടായിരുന്നില്ല. അത് ഒരു അടിസ്ഥാനരഹിത അവകാശവാദം മാത്രമായിരുന്നു. എന്നാൽ, മൂസാനബിയുടെ സുവ്യക്തമായ അമാനുഷദൃഷ്ടാന്തങ്ങൾ അംഗീകൃതസത്യമായി ഇന്നും ലോകം മനസ്സിലാക്കിവരുന്നു.

5- സോളോൻ ആവിഷ്ക്കരിച്ച നിയമങ്ങൾ അസ്തപ്രഭമായപ്പോൾ തൗറാത്തിലെ അധ്യാപനങ്ങളും വിധികളുംമാനവസമൂഹത്തിന് നീതിയുടെയും സത്യത്തിന്റെയും മാനദണ്ഡങ്ങളായി നൂറ്റാണ്ടുകളോളം തുടരുകയുണ്ടായി.

6- ഈസാ നബി(അ) തെറ്റു ചെയ്തതായി റോമൻ നിയമം വിധിയെഴുതുകയുണ്ടായി. പക്ഷെ, നൂറ്റാണ്ടുകളായി ആ വിധിയ്ക്ക് യാതൊരു അംഗീകാരവും ചരിത്രത്തിന്റെ ഭാഗത്തുനിന്ന് ലഭിക്കുകയുണ്ടായില്ല- അതേ സമയം, അദ്ദേഹത്തിന്റെ അധ്യാപനങ്ങൾ എത്രയോ പാപികളുടെ ഹൃദയങ്ങളിൽ പ്രകാശമായി ഇപ്പോഴും ജ്വലിച്ചുകൊണ്ടിരിക്കുന്നു.

6- അബൂ ജഹ്ലിന്റെ ഭരണകൂടം തകർന്നു. കിസ്റായുടെയും കൈസറിന്റെയും പേർഷ്യയുടെയും രാഷ്ട്രങ്ങൾ തകർന്നു. റോമിലെ സീസർമാർ തിരോഭവിച്ചു. കാലം അവരുടെ ചരിത്രത്താളുകൾ ചുരുട്ടിവെച്ചു. അവരുടെ അടയാളങ്ങൾ മാഞ്ഞുപോയി. അവരുടെ മഹത്വവും പ്രതാപവും നശിച്ചു. എന്നാൽ, മുഹമ്മദ് നബി (സ)യുടെ പ്രബോധനവും അദ്ദേഹത്തിന്റെ ശാസനകളും മഹോന്നതമായ ചര്യകളും സാർവകാലികമായും സാർവലൗകികമായും സാർവദേശീയമായും നടപ്പിലായിക്കൊണ്ടേയിരിക്കുന്നു. അത് ലോകവസാനം വരെ തുടരും.

* * * *

1. തക്‌ലീഫ് എന്നതിന്റെ ഭാഷാർഥം: ബുദ്ധിമുട്ടുള്ള കാര്യം ചെയ്യാൻ കൽപിക്കുക. അൽഖാമൂസുൽ മുഹീത് പേ:765(1995), ശരീഅത്ത് പണ്ഡിതന്മാർ വിവക്ഷിക്കുന്ന സാങ്കേതികാർഥം: ശരീഅത്തിന്റെ സംബോധനയുടെ താൽപര്യത്തിനനുസരിച്ച് നിർബന്ധിക്കുക. ശർഹുൽ കൗകബിൽ മുനീർ 1/483, അൽ ഫുറൂഖ്:1/161, അത്തഅ്രീഫാത്ത് ലിൽജൂർജാനി: പേ: 58

2. ഇംഗ്ലീഷ് എഴുത്തുകാരൻ, ചരിത്രകാരൻ, തത്വചിന്തകൻ. ഹീറോകൾ എന്ന കൃതിയിൽ നബി(സ) യെ സംബന്ധിച്ച് ഉപന്യസിച്ചിട്ടുണ്ട്. ഈ കൃതി അൽഅബ്ത്വാൽ എന്ന പേരിൽ മുഹമ്മദുസ്സിബാഈ അറബിയിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്.

3. ബി.സി ഏഴോ, എട്ടോ നൂറ്റാണ്ടിൽ യവനകവിഹോമർ എഴുതിയ യുദ്ധകാവ്യമാണ് ഇലിയഡ്(Iliada) ഇരുപത്തിനാല് പുസ്തകങ്ങളിലായാണ് ഇത് വിരചിതമായിരിക്കുന്നത്. ബി.സി 750നുമിടയിലാണ് ഇത് എഴുതപ്പെട്ടതെന്ന് ഗവേഷകർ വലയിരുത്തുന്നു. ടൊറോഡൊ യുദ്ധത്തിന്റെ തൊട്ടുമുമ്പായി നടന്ന സംഭവങ്ങളാണ് അതിലെ ഇതിവൃത്തം. ഇത് കവിതാമാധ്യമത്തിൽ സുലൈമാനുൽ ബുസ്താനി അറബിയിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്.

4. അറുപതിനായിരം ഈരടികളുടെ പേർഷ്യൻ യുദ്ധകാവ്യം. പേർഷ്യയുടെ എക്കാലത്തെയും ഏറ്റവും വലിയ സാഹിത്യ സംഭാവനയായി പരിഗണിക്കപ്പെടുന്ന ഷാനാമ, മഹ്മൂദുൽഗസ്നവി എന്ന ചക്രവർത്തിക്ക് വേണ്ടി മഹാകവി ഫിർദൗസി രചിച്ചതാണ്. പുരാണകാലം മുതൽ എ.ഡി ഏഴാം നൂറ്റാണ്ടിന്റെ മധ്യം വരെയുള്ള പേർഷ്യൻ ചരിത്രമാണ് ഇതിലെ ഇതിവൃത്തം. ഇതിന്റെ രചനയ്ക്കായി ഫിർദൗസി മുപ്പത്തിയഞ്ച് വർഷം ചെലവഴിച്ചതായി പറയുന്നു. ഇത് അറബിയിലേക്ക് ഗദ്യരൂപത്തിൽ എ.ഡി 13ാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽഫത്ഹുബ്നു അലിയ്യുൽ ബൻദാരി പരിഭാഷപ്പെടുത്തിയിട്ടുണ്ട്.-1932ൽ ഡോ: അബ്ദുൽ വഹ്ഹാബ് അസാം സംശോധന നടത്തി പ്രസിദ്ധീകരിച്ചു.

5. ബാബിലോണിയ ഭരിച്ചിരുന്ന ചക്രവർത്തിയാണ് ഹമ്മൂറാബി(ബി.സി1750-1792) പരസ്പരം യുദ്ധ ചെയ്തിരുന്ന കൊച്ചുരാഷ്ട്രങ്ങളെ ഏകീകരിച്ച് അദ്ദേഹം ശക്തമായ ഒറ്റരാഷ്ട്രമാക്കി. അദ്ദേഹം തന്റെ ഗവർണർമാർക്കയച്ച കത്തുകളിൽ നിന്ന് അദ്ദേഹം മന്ത്രിമാരില്ലാതെ നേരിട്ടായിരുന്നു ഭരണം നടത്തിയിരുന്നതെന്ന് മനസ്സിലാകുന്നു. നസ്സാര കാര്യങ്ങൾ പോലും അദ്ദേഹമാണ് നിയന്ത്രിച്ചിരുന്നത്. ജലസേചനകാര്യങ്ങളിൽ അദ്ദേഹം നന്നായി ശ്രദ്ധിച്ചിരുന്നു. ഹമ്മൂറാബിയുടെ നിയമസംഹിത പ്രസിദ്ധമാണ്.

■